# 17th Ministerial Meeting of Asia Cooperation Dialogue

January 21, 2021

---

**ഏഷ്യ സഹകരണ ചർച്ചയിലെ 17 മത് മന്ത്രി തല സമ്മേളനം**

ജനുവരി 21, 2021

1. "പുതിയ സാധാരണവും ആരോഗ്യപരവുമായ വിനോദസഞ്ചാരം" എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഏഷ്യ സഹകരണ ചർച്ചയിലെ (ACD) 17 മത് മന്ത്രി തല സമ്മേളനം 2021 ജനുവരി 21 ന് വിർച്ചൽ രീതിയിൽ നടന്നു.സമ്മേളനത്തിൽ , വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി(കിഴക്ക്) മിസ് റിവ ഗാംഗുലി ദാസ്, ഇന്ത്യയെ പ്രതിനിധീകരിച്ചു

2. തന്റെ അഭിപ്രായ പ്രകടനത്തിൽ, ശക്തമായ ബഹുരാഷ്ട്ര സഹകരണം ആഗോള സാമ്പത്തിക വീണ്ടെടുക്കലിന് പ്രധാനമാണെന്ന് അടിവരയിട്ടുകൊണ്ട്, കോവിഡ് 19 മൂലമുള്ള പ്രതിസന്ധികൾ നേരിടുന്നതിനായി ഏകീകൃതമായ പ്രതികരണ പ്രവർത്തനങ്ങൾക്ക് സെക്രട്ടറി (കിഴക്ക് ) ആഹ്വാനം ചെയ്തു. ഈ പശ്ചാത്തലത്തിൽ, പഴയ ബിസിനസ്സുകൾ പ്രവർത്തനക്ഷമമാക്കേണ്ടത് ജീവനോപാധികൾക്ക് ആവശ്യമായിരിക്കുന്പോൾ തന്നെ, പുതിയ കണ്ടുപിടുത്തങ്ങളും ബദൽ മാർഗങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും പുതിയ ബിസിനസ്സ് മാതൃകകൾ കണ്ടെത്തുകയും ചെയ്യേണ്ടതാണെന്നു അവർ പ്രസ്താവിച്ചു.

3. ജോലിസാധ്യതകൾ ഉറപ്പു വരുത്തുന്നതിനും സാംസ്കാരികവും പ്രകൃതിദത്തവുമായ പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വിനോദസഞ്ചാരമേഖലയെ നവീകരിക്കുന്നതിനും പുനർ നിർമിക്കുന്നതിനുമുള്ള ശക്തമായ ആവശ്യകത തിരിച്ചറിഞ്ഞു കൊണ്ട് ഇന്ത്യ ശ്രദ്ധ നൽകിയിട്ടുള്ള ,"വ്യവസായം, വിനോദസഞ്ചാരം, സാങ്കേതികവിദ്യ " എന്നിവ ഉൾപ്പെടെയുള്ള 3ടി സമീപനത്തെ അവർ ചൂണ്ടികാണിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ വിനോദസഞ്ചാരത്തെ പ്രചരിപ്പിക്കുന്നതിന് തുല്യവും ആഗോള ലഭ്യതയുമുള്ള രോഗനിർണയ ഉപകരണങ്ങൾ, ചികിത്സകൾ കൂടാതെ വാക്സിനുകൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ കൂടി അത്യാവശ്യമാണ് സെക്രട്ടറി(കിഴക്ക്) അടിവരയിട്ട് പറഞ്ഞു.ഈ സാഹചര്യത്തിൽ ഇന്ത്യയുടെ വലിയ സഹകരണത്തോടെ ഭൂട്ടാൻ, മാൽദ്വീപുകൾ, നേപ്പാൾ, ബംഗ്ളാദേശ്, മ്യാൻമാർ , സീഷെൽസ് എന്നിവിടങ്ങളിൽക്കെ വാക്സിനുകൾ വിതരണം ചെയ്യാൻ തുടങ്ങിയിരിക്കുന്നുവന്നും സെക്രട്ടറി (കിഴക്ക്) പരാമർശിച്ചു.

4. ഏഷ്യയിലെ കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനു ഇന്ത്യ -മ്യാന്മാർ- തായ്‌ലൻഡ് ത്രിരാഷ്ട്ര ഹൈവേയും അതിന്റെ കമ്പോഡിയ, ലാവോസ് കൂടാതെ വിയറ്റ്നാം എന്നിവയുടെ സാധ്യമായ വികസനം ഉൾപ്പടെ ഇന്ത്യ ഏറ്റെടുത്ത വിവിധ സംരംഭങ്ങൾ സെക്രട്ടറി (കിഴക്ക്) ഉയർത്തികാണിച്ചു.ഇന്റർനാഷണൽ സോളാർ അലയൻസ് (ISA), കൊളീഷൻ ഫോർ ഡിസാസ്സ്റ്റർ റീസൈലന്റ് ഇൻഫ്രാസ്ട്രക്ച്ചർ (CDRI) എന്നിവ പോലുള്ള സംരംഭങ്ങൾ ആഗോള കാലാവസ്ഥ പ്രവർത്തനം, ദുരന്ത നിവാരണ ഘടന വികസനം എന്നിവയിൽ അനുകൂലമായ ശ്രദ്ധ കൊണ്ടുവന്നിരുന്നു.

5. തീവ്രവാദം ആഗോള സമാധാനത്തിനും സുരക്ഷയ്ക്കും പ്രധാന ഭീഷണിയായി തുടർന്നുകൊണ്ടിരിക്കുമ്പോൾ, തീവ്രവാദത്തിന്റെ എല്ലാ രൂപങ്ങളും തുടച്ചു നീക്കുന്നതിന് മഹത്തായ സഹകരണത്തിനായി സെക്രട്ടറി (കിഴക്ക്) ആഹ്വാനം ചെയ്തു. ഇൻഡോ പസഫിക് പ്രദേശത്തെയും ആസിയാനിലെയും പൊതുവായ വെല്ലുവിളികളും കൂടാതെ അതിന്റെ കേന്ദ്രത്തിൽ ആവശ്യമായ ഏകോപനവും സഹകരണവും സെക്രട്ടറി (കിഴക്ക്) കൂടുതൽ ഊന്നിപ്പറഞ്ഞു.2019 ൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി പ്രഖ്യാപിച്ച ഇൻഡോ പസഫിക് ഓഷ്യൻസ് ഇനിഷ്യേറ്റീവ് (IPOI) സുതാര്യവും, സമഗ്രവും നിയമബന്ധിതവുമായ ഇൻഡോ പസഫിക് പ്രവിശ്യയിൽ എല്ലാ പ്രവിശ്യകളിലെയും സുരക്ഷയേയും വളർച്ചയേയും പ്രചരിപ്പിക്കുന്നു(SAGAR).

6. അധ്യക്ഷത വഹിച്ചു കൊണ്ട് ACD യെ നയിക്കുന്നതിനും 17 മത് ACD മന്ത്രിതല സമ്മേളനത്തിൽ ആതിഥേയത്വം വഹിച്ചതിനും സെക്രട്ടറി (കിഴക്ക്) തുർക്കി ഭരണകൂടത്തിനോട് നന്ദി അറിയിച്ചു.

7. സമ്മേളനത്തിന്റെ അവസാനത്തിൽ ACD രാജ്യങ്ങൾ അങ്കാറ പ്രഖ്യാപനം ഏറ്റെടുത്തു.

**ന്യൂ ഡൽഹി**
**21 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.